എം.സി.എ നാസർ

# പാകിസ്താൻ അജണ്ട നിശ്ചയിക്കുന്നത് ആരൊക്കെ?

**2001** ജൂലൈ മാസം ആഗ്ര ഉച്ചകോടിയിൽ പങ്കെടുത്ത പർവേസ് മുശർറഫ് ഏറെ ശക്തനായിരുന്നു. ജനങ്ങളുടെ തരക്കേടില്ലാത്ത പിന്തുണയായിരുന്നു ഈ കരുത്തിന് നിദാനം. അഴിമതിയിൽ മുങ്ങിയ രാഷ്ട്രീയ പ്രതീകങ്ങളെ വകഞ്ഞുമാറ്റി പാകിസ്താന്റെ ആത്മാഭിമാനം ഉയർത്താൻ അവതരിച്ച സൈനിക പ്രതീക പദവിയായിരുന്നു പലരും തുടക്കത്തിൽ മുശർറഫിന് ചാർത്തിക്കൊടുത്തത്. ആഗ്രയിൽ നയതന്ത്ര സമീപനത്തിനു പകരം സൈനികമുഷ്കിന്റെ ശരീരഭാഷയായിരുന്നു മുശർറഫിൽ മുന്തിനിന്നതും. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി നേതൃത്വവും അന്ന് ദേശീയതയുടെ പുറത്ത് ഇതേ മുഷ്ക് ലൈൻ സ്വീകരിച്ചതോടെ ഉച്ചകോടി പരാജയപ്പെട്ടത് ചരിത്രം.

മുശർറഫിന് പാക് വിമോചക നായകന്റെ പ്രതിഛായ പതിച്ചുനൽകാൻ ആ രാജ്യത്തുനിന്നുള്ള മാധ്യമ പ്രവർത്തകർ ആഗ്രയിൽ കാണിച്ച ഉത്സാഹം മറക്കാനാവില്ല. ആഗ്രയിലെ മീഡിയാ കേന്ദ്രത്തിൽ അവർ മുശർറഫിനു വേണ്ടി ഇന്ത്യൻ മാധ്യമപ്രവർത്തകരുമായി വാശിയോടെ തർക്കിച്ചു. നോക്കിലും വാക്കിലും ഔദ്ധത്യം നിറഞ്ഞ മുശർറഫിനെ നിരന്തരം പ്രകീർത്തിച്ചു (മുശർറഫിന്റെ തനി സ്വരൂപമെന്തെന്നറിയാൻ ഇവർക്ക് ഏഴു വർഷം വേണ്ടിവന്നു!)

അങ്ങനെ ഇരു രാജ്യങ്ങൾക്കുമിടയിൽ ഇഴയടുപ്പത്തിൻെറ പുതിയ ചൈതന്യം തുടിക്കുമെന്ന പ്രതീക്ഷയാണ് ആഗ്രയിൽ അസ്ഥാനത്തായത്. മാധ്യമ പ്രവർത്തകർക്ക് നൽകിയ സൽക്കാരത്തിൽ കശ്മീർ തന്നെയാണ് അജണ്ടയിലെ മുഖ്യ ഇനമെന്ന ഒറ്റ പ്രഖ്യാപനത്തോടെ മുശർറഫ് ഉച്ചകോടിക്ക് ചരമക്കുറിപ്പെഴുതി. ചാനലുകളിൽ ആ വാക്യം ബ്രേക്കിംഗ് ന്യൂസായി മിന്നിമറഞ്ഞു. തിരിച്ചുപോക്കിന്റെ ഒരുക്കമാരംഭിച്ചതും മുശർറഫ് തന്നെയായിരുന്നു. നല്ലൊരു സാധ്യത നഷ്ടപ്പെടുത്തിയെന്ന പഴി കേട്ടെങ്കിലും ആഭ്യന്തരതലത്തിൽ രാഷ്ട്രീയ നേട്ടം ഉറപ്പാക്കാൻ ആഗ്ര ഉച്ചകോടിയും മുശർറഫ് മുതലാക്കുന്നതാണ് പിന്നെ കണ്ടത്. കശ്മീർവാദികളായ പാക് സാമൂ

ഹിക ഘടകങ്ങളെ തൃപ്തിപ്പെടുത്തുക അന്ന് മുശർറഫിന്റെ ആവശ്യമായിരുന്നു. പാക് ജനതയെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. അഴിമതിയും സ്വജനപക്ഷപാതിത്വവും ചേർന്ന രാഷ്ട്രീയധാര പാക്മണ്ണിന്റെ അവശേഷിച്ച നൈർമല്യവും തകർത്തിടത്താണ് ജനറൽ കേറി ഭരണം തുടങ്ങിയത്. ബേനസീറിനെയും നവാസ് ശരീഫിനെയും തിരിച്ചുവരാൻ അനുവദിക്കില്ലെന്ന് മുശർറഫ് പറഞ്ഞപ്പോൾ കാര്യമായ എതിർപ്പൊന്നും ഉയർന്നില്ല. പാകിസ്താന്റെ പൂർവ പ്രതാപം വീണ്ടെടുക്കാൻ നിയോഗിക്കപ്പെട്ടവനാണ് താനെന്ന് ഓരോ പ്രസംഗത്തിലും ജനറൽ ആവർത്തിച്ചുകൊണ്ടിരുന്നു. സമഗ്രാധിപത്യ പ്രവണതയിലേക്കുള്ള വളർച്ചയുടെ തുടക്കമാണിതെന്ന് ആരും നിനച്ചില്ല. സെപ്റ്റംബർ പതിനൊന്നിന്റെ രാഷ്ട്രീയ നേട്ടം ഫലപ്രദമായി ഉപയോഗിക്കാൻ തുടങ്ങിയതോടെ അമേരിക്കയോട് ജനറലിന് താൽപര്യം കൂടി. യാങ്കിക്ക് മുശർറഫിനോട് തിരിച്ചും. രാഷ്ട്രീയവും സൈനികവുമായ അധികാരം നിലനിർത്താൻ മുശർറഫ് ഏതു കൂട്ടിക്കൊടുപ്പിനും തയാറാണെന്ന് യാങ്കി മനസ്സിലാക്കി. അഫ്ഗാൻ അധിനിവേശ ഘട്ടത്തിൽ പാക് സഹായം യാങ്കിക്ക് ഏറെ തുണയായി. പാകിസ്താനിൽ രാഷ്ട്രീയ നേതൃത്വത്തേക്കാൾ ഈ സൈനികമേധാവി തന്നെയാണ് തങ്ങൾക്ക് ഗുണം ചെയ്യുകയെന്ന് അമേരിക്കക്ക് അറിയാം. അതുകൊണ്ടാണ് അടിയന്തരാവസ്ഥാ പ്രഖ്യാപനത്തെ വിമർശിക്കുമ്പോഴും തീവ്രവാദവിരുദ്ധ പോരാട്ടത്തിൽ മുശർറഫിനെ കൈവിടാൻ കഴിയില്ലെന്ന് ബുഷ് വ്യക്തമാക്കിയത്.

യാങ്കിക്ക് മുശർറഫ് ഏഷ്യയിൽ നല്ലൊരു ഉപകരണം മാത്രമായിരുന്നു. തീവ്രവാദവിരുദ്ധ പോരാട്ടത്തിൽ മേഖലയിൽ വിശ്വസിക്കാൻ കൊള്ളാവുന്ന ഒരാൾ. ഇന്റലിജൻസ് വിവരങ്ങൾ അവർ യഥേഷ്ടം പങ്കുവെച്ചു. അതിർത്തി പ്രദേശങ്ങളിൽ നിരപരാധിവേട്ടകൾ ശക്തമായി. യാങ്കിസൈന്യം പറഞ്ഞതത്രയും ചെയ്തുകൊടുത്തു. മുശർറഫിന്റെ അമേരിക്കൻ പ്രതിബദ്ധത ഗോത്രമേഖലകളിൽ രോഷാഗ്നി പടർത്തി. നൂറുകണക്കിന് നിരപരാധികൾ വധിക്കപ്പെട്ടു. തന്നിൽ പാക് വിമോചകനെ സ്വപ്നം കണ്ട സാധാരണ മനുഷ്യർ വഴിമാറുന്നത് മുശർറഫ് അറിഞ്ഞില്ല. അതല്ലെങ്കിൽ അമേരിക്കയും പെട്രോ ഡോളർ രാജ്യങ്ങളും തുണക്കുമ്പോൾ അധികാരം നിലനിർത്താൻ മറ്റൊന്നും പ്രശ്നമല്ലെന്ന് മുശർറഫ് കരുതിയിരിക്കണം. ഗൾഫ് രാജ്യങ്ങളിലേക്കും പടിഞ്ഞാറൻ രാജ്യങ്ങളിലേക്കുമുള്ള യാത്ര പതിവായി. പിന്തുണയും സാമ്പത്തിക ലക്ഷ്യങ്ങളും നിറവേറിയ സംതൃപ്തിയോടെയായിരുന്നു ഓരോ മടക്കയാത്രയും. സ്വേഛാധിപതിയുടെ എല്ലാ ദുരകളും മുശർറഫിനെ ഭരിച്ചുകൊണ്ടിരുന്നു. അങ്ങനെയാണ് സുപ്രീംകോടതിയെ കാൽചുവട്ടിൽ വരുത്താൻ ശ്രമം നടന്നത്.

ഏഴു മാസം മുമ്പ് ചീഫ് ജസ്റ്റിസ് ഇഫ്തിഖാർ ചൗധരിയെ അമർച്ച ചെയ്യാനുള്ള ശ്രമം പക്ഷേ, പാളി. ജനകീയ പ്രശ്നങ്ങളിൽ കുറേക്കൂടി നേരറിവുള്ള വ്യക്തിയെന്ന നിലയിൽ സാമൂഹിക പ്രതിബദ്ധതയുടെ വിധിന്യായങ്ങളായിരുന്നു ചൗധരിയിൽനിന്നുണ്ടായത്. അഭിഭാഷകസമൂഹവും ജനങ്ങളും ചൗധരിക്കൊപ്പമായിരുന്നു. എന്നാൽ അധികാരപ്രമത്തത മുശർറഫിനെ വല്ലാതെ വഷളാക്കി. ജനുവരിയിൽ തെരഞ്ഞെടുപ്പ് നടത്തി ആജ്ഞാനുവർത്തികളെ അധികാരത്തിൽ കൊണ്ടുവരികയായിരുന്നു ലക്ഷ്യം. അടിയന്തരാവസ്ഥാ പ്രഖ്യാപന വേളയിൽ മുശർറഫ് നടത്തിയ പ്രസംഗം പോലും ആ മനസ്സിന്റെ വൈരുധ്യം നിർലജ്ജമായി തുറന്നുകാട്ടുന്നുണ്ട്. മുശർറഫ് പറഞ്ഞു: “സർക്കാർ സംവിധാനം എന്റെ അഭിപ്രായത്തിൽ പകുതി മരവിച്ച സ്ഥിതിയിലാണ്. എല്ലാ സർക്കാർ വകുപ്പുകളെയും കോടതി നാണംകെടുത്തുന്നു. അതുകൊണ്ട് ഈ വകുപ്പുകൾക്ക് എന്തെങ്കിലും ചെയ്യാൻ പോലും സാധിക്കുന്നില്ല.

തീവ്രവാദം അതിന്റെ പാരമ്യത്തിലാണ്. ഉചിതമായ തീരുമാനം സ്വീകരിച്ചില്ലെങ്കിൽ പാകിസ്താന്റെ പരമാധികാരം അപകടത്തിലാവുമെന്ന് ഞാൻ സംശയിക്കുന്നു. തീവ്രവാദികൾ രാജ്യത്ത് സ്വൈരവിഹാരം നടത്തുകയാണ്. നിയമപാലക സംവിധാനങ്ങളെ അവർ ഗൗനിക്കുന്നേയില്ല. ഈ ഘട്ടത്തിൽ ഒന്നും ചെയ്യാതിരിക്കുന്നത് ആത്മഹത്യാപരമാണ്. രാജ്യത്തെ ആത്മഹത്യ ചെയ്യാൻ ഞാൻ അനുവദിക്കില്ല....”

സർക്കാർ സംവിധാനത്തെ ഈ പരുവത്തിലാക്കിയത് സുപ്രീംകോടതിയാണെന്നും തീവ്രവാദികളുടെ വിളയാട്ടമാണ് രാജ്യത്തെന്നും പറയുന്നതിലൂടെ തന്റെ ബലഹീനത തന്നെയാണ് മുശർറഫ് തുറന്നുകാട്ടിയത്.

## യാങ്കിയുടെ തണലിൽ ബേനസീർ

ദുബൈയിലും ലണ്ടനിലുമായി ശിഷ്ടകാലം അല്ലലില്ലാതെ കഴിച്ചുകൂട്ടുക എന്നതിലപ്പുറം ബേനസീറിന് വലിയ സ്വപ്നങ്ങളൊന്നും ഉണ്ടായിരുന്നില്ല. പുറം രാജ്യങ്ങളിലും നിരവധി ബിസിനസ് സംരംഭങ്ങളുടെ പങ്കുപറ്റുന്നുണ്ട് ഭുട്ടോ പുത്രി. സുഊദി അറേബ്യയുടെ സ്വാസ്ഥ്യത്തിൽ നവാസ് ശരീഫും മൗനിയായി. ആഗസ്റ്റ് രണ്ടാം വാരത്തിലാണ് മുശർറഫ് അബൂദബിയിൽ എത്തുന്നത്. ലണ്ടനിലായിരുന്ന ബേനസീർ ദുബൈയിൽ തിരിച്ചെത്തിയതും ഇതേ സമയത്ത്. ബുഷിന്റെ അജണ്ടക്ക് പരോക്ഷ നേതൃത്വം വഹിച്ചത് സ്റ്റേറ്റ് സെക്രട്ടറി കോണ്ടലീസാ റൈസ്. തികച്ചും രഹസ്യ സ്വഭാവത്തിലായിരുന്നു അബൂദബിയിൽ ഇരുവരും തമ്മിൽ നടന്ന ചർച്ച. അങ്ങനെ യാങ്കിയുടെ അറിവോടെയുള്ള ‘അഡ്ജസ്റ്റ്മെന്റ്’ കരാർ നിലവിൽവന്നു. മുശർറഫിന് ഈ ധാരണ ആവശ്യമായിരുന്നു. തകർന്ന ജനപിന്തുണ ഉറപ്പിച്ചുനിർത്താനുള്ള കപടതന്ത്രം. മുശർറഫും ബേനസീറും മൂടിവെച്ച രഹസ്യം അധികം വൈകാതെ പുറത്തായി. ധാരണ രൂപപ്പെട്ടതായി ഇരുകൂട്ടരും സമ്മതിച്ചു. അതിന്റെ വിശദാംശങ്ങളെ ചൊല്ലി അനുയായികൾ തെരുവിൽ തർക്കിച്ചു.

പാകിസ്താനിലേക്ക് മടങ്ങാനുള്ള ആഗ്രഹം ഉള്ളിൽ കൊണ്ടുനടന്ന ബേനസീറിന് തൽക്കാലം മറ്റൊന്നും പ്രശ്നമായില്ല. തീവ്രവാദമാണ് ഏറ്റവും വലിയ ശത്രുവെന്നും അതിനെ നേരിടുന്നതിലൂടെ മാത്രമേ പാകിസ്താൻ രക്ഷപ്പെടുകയുള്ളൂവെന്നും ദുബൈയിലെ പത്രസമ്മേളനത്തിൽ ബേനസീർ പറഞ്ഞു. സൈനികവേഷത്തോട് മാത്രമാണ് തന്റെ എതിർപ്പെന്നു വ്യക്തമാക്കാനും അവർ മറന്നില്ല. മുശർറഫിന്റെയും ബേനസീറിന്റെയും സ്വരം കൃത്യമായ അച്ചുതണ്ടിന്റെ പ്രേരണയിൽ ഐക്യപ്പെടുകയായിരുന്നു. അങ്ങനെയിരിക്കെയാണ് സുഊദിയിലുള്ള നവാസ് ശരീഫിനും തിരിച്ചുപോകണമെന്ന ഉൾവിളിയുണ്ടായത്. പടിഞ്ഞാറു മാത്രമല്ല അറബ്‌ലോകവും പക്ഷേ, ഇതിൽ താൽപര്യം കാണിച്ചില്ല. യാത്ര മാറ്റിവെക്കണമെന്ന നിർദേശമാണ് റഫീഖ് ഹരീരിയുടെ മകനും സുഊദി ഇന്റലിജൻസ് വിഭാഗം മേധാവിയും മുന്നോട്ടുവെച്ചത്. പോയ വിമാനത്തിൽ തന്നെ തിരിച്ചുവരാനായിരുന്നു ശരീഫിന്റെ വിധി. ഒരു ജനാധിപത്യ സ്നേഹിക്കും അത് പ്രശ്നമായില്ല.

ജനാധിപത്യശക്തികളെയും മതസംഘടനകളെയും ഒരുമിപ്പിച്ച് സൈനിക ഭരണകൂടത്തിനെതിരെ ശക്തമായ മുന്നേറ്റം രൂപപ്പെടുത്തണമെന്ന അഭിപ്രായ പ്രകടനം നടത്തിയിരുന്നു നവാസ് ശരീഫ്. അങ്ങനെ ഒരാൾ പാക് മണ്ണിലേക്ക് തിരിച്ചുപോകരുതെന്ന അഭിപ്രായമായിരുന്നു പലർക്കും. മതസംഘടനകളുമായുള്ള സമ്പർക്കം തീവ്രവാദപ്രവണതകൾക്ക് ആക്കം കൂട്ടിയേക്കുമെന്ന വിശകലനങ്ങളും പടിഞ്ഞാറൻ മാധ്യമങ്ങളിൽ വന്നു. അമേരിക്കയുടെ അറിവോടെ തന്നെയാണ് മുശർറഫ് ശരീഫിനെ തിരിച്ചയച്ചത്. ബേനസീറിന്റെ തിരിച്ചുപോ

ക്ക് വലിയ സംഭവമാക്കാനും ഇതേ ശക്തികൾ അണിയറയിൽ സജീവമായിരുന്നു. തീവ്രവാദ ഭീഷണി സൃഷ്ടിക്കുന്ന പ്രത്യാഘാതം മാത്രമായിരുന്നു ദുബൈ പത്രസമ്മേളനത്തിൽ ബേനസീർ പ്രകടിപ്പിച്ചത്. ഒരു സ്ത്രീയായ തന്നെ ആക്രമിക്കുന്നത് തികച്ചും അനിസ്ലാമികമായിരിക്കുമെന്നും അവർ പ്രതികരിച്ചു. മതസംഘടനകളുടെ രാഷ്ട്രീയപ്രവേശം പാകിസ്താനെ തളർത്തുമെന്നും എ.ബി.സി ചാനൽ അഭിമുഖത്തിൽ അവർ പറഞ്ഞു. എമിറേറ്റ്സ് വിമാനത്തിൽ കറാച്ചിയിലേക്കുള്ള യാത്ര വലിയ വാർത്തയായി. സ്വന്തം ജനതയുടെ മുശർറഫ്‌വിരുദ്ധ വികാരം അടുത്തറിഞ്ഞത് അപ്പോഴാണ്. സ്വീകരണ ചടങ്ങിൽ ചാവേർ ആക്രമണം നടന്നതോടെ മുശർറഫിനെതിരിൽ ബേനസീറിന്റെ ചുവടുമാറ്റം കൂടുതൽ പ്രകടമായി.

## ആഭ്യന്തര സമസ്യകൾ വേട്ടയാടുമ്പോൾ

അടിയന്തരാവസ്ഥ മുശർറഫിന് അധികാരം നിലനിർത്താനുള്ള തന്ത്രം മാത്രമാണ്. ഒക്ടോബർ ആറിന്റെ 'വിജയം' സുപ്രീം കോടതി നിരാകരിക്കുമെന്നു കണ്ടപ്പോഴാണ് അടിയന്തരാവസ്ഥ രക്ഷക്കെത്തിയത്. ജനാധിപത്യ-മതേതര ശക്തികളെയും മാധ്യമങ്ങളെയും അമർച്ച ചെയ്യാനുള്ള നീക്കമാണ് അടിയന്തരാവസ്ഥയുടെ മറവിൽ നടന്നത്. ഇസ്ലാമിക സംഘടനാ പ്രവർത്തകരെയാണ് ആദ്യം ലക്ഷ്യം വെച്ചത്. എന്നിട്ടും ഇരുമ്പുമറ ഭേദിക്കാൻ ആദ്യം ആഹ്വാനം ചെയ്തത് ജമാഅത്തെ ഇസ്ലാമിയും. നവാസ് ശരീഫിന്റെ നിലപാടിന് ഇതോടെ കൂടുതൽ സാധുത ലഭിച്ചിരിക്കുകയാണ്. പഞ്ചാബിൽ ഇപ്പോഴും നല്ല സ്വാധീനമുള്ള ശരീഫ് സൈനിക നേതൃത്വവുമായി യാതൊരു ഉടമ്പടിക്കും തയാറല്ലെന്ന് വ്യക്തമാക്കിയിരുന്നു. ബേനസീറിനും ഇത് തിരിച്ചടിയായി. ഏറ്റവും വലിയ നഷ്ടം പാകിസ്താൻ മുസ്‌ലിം ലീഗിനാണ്.

സ്വന്തം പൗരന്മാർക്കെതിരെ തോക്കെടുക്കാനുള്ള മുശർറഫിന്റെ ആഹ്വാനം സൈന്യം അംഗീകരിക്കാൻ ഇടയില്ല. രാജ്യത്തിന്റെ വടക്കു ഭാഗങ്ങളിലെ അസ്വാസ്ഥ്യം അമർച്ച ചെയ്യുകയെന്നത് മുശർറഫിന് പ്രധാനമാണ്. ഇല്ലെങ്കിൽ അമേരിക്ക പിണങ്ങും. ഇപ്പോഴത്തെ കലങ്ങിയ അവസ്ഥ ഗോത്രമേഖലയിൽ കൂടുതൽ സ്വാധീനമുറപ്പിക്കാൻ താലിബാന്നും മറ്റും അവസരമൊരുക്കും. നാൽപതിനായിരം വരുന്ന അമേരിക്കൻ-നാറ്റോ സഖ്യസൈന്യത്തിന്റെ തണലിൽ രൂപപ്പെടുത്തിയ സുരക്ഷ മാത്രമാണ് അഫ്ഗാന്നുള്ളത്. തീവ്രവാദ പ്രവണതകളും പടിഞ്ഞാറൻ വിരോധവും ശക്തി പ്രാപിക്കുമ്പോൾ തന്നെ അമേരിക്കക്ക് കൂടുതൽ ആശ്രയിക്കേണ്ടിവരുമെന്ന വിലയിരുത്തലിലാണ് മുശർറഫ്. കൂടുതൽ വഷളായ രാഷ്ട്രീയ കാലുഷ്യങ്ങളിലേക്കാവും പാകിസ്താൻ എടുത്തെറിയപ്പെടുക. പാകിസ്താൻ അസ്ഥിരപ്പെടുന്നത് ആ രാജ്യത്തിന് മാത്രമല്ല അയൽ രാജ്യങ്ങൾക്കും ഗുണകരമാവില്ല. എന്നിട്ടും ദുർബലമായ പ്രതികരണങ്ങൾ മാത്രമാണ് പടിഞ്ഞാറിന്റെ ഭാഗത്തുനിന്നുണ്ടായത്. ജനാധിപത്യം പുനഃസ്ഥാപിക്കണം എന്ന പ്രസ്താവന പോലും ബേനസീറിന് അവസരം കൊടുക്കണം എന്ന നിലക്ക് പരിമിതപ്പെടുകയായിരുന്നു. സഹായധനം നൽകുന്നത് നിർത്തിവെക്കില്ലെന്നും യു.എസ് നേതൃത്വം വ്യക്തമാക്കുകയുണ്ടായി.

പാകിസ്താൻ ഗോത്ര മേഖലകളിൽ ആക്രമണം നടത്താൻ പെന്റഗണ് പദ്ധതിയുണ്ട്. അതിർത്തിയിലെ 27,200 ചതുരശ്ര കിലോമീറ്റർ ഗോത്രമേഖലയിൽ. മുപ്പതു ലക്ഷത്തിലധികം ഗോത്രജനതയിൽ ഭൂരിഭാഗവും പഷ്തൂൺ വിഭാഗമാണ്. ഇവർക്കിടയിൽ അമേരിക്കൻവിരുദ്ധ വികാരം ശക്തം. യു.എസ് നിർദേശാനുസരണം എൺപതിനായിരം സൈനികരെയാണ് മുശർറഫ് ഇവിടേക്ക് നിയോഗിച്ചത്. ഈ വകയിൽ പ്രതിമാസം നൂറ് ദശലക്ഷം ഡോളറാണ് മുശർറഫിന് കിട്ടുന്നത്.

ഉസാമാ ബിൻലാദിൻ ഉൾപ്പെടെയുള്ളവർക്ക് അഭയം നൽകിയെന്നു പറഞ്ഞ് അധിനിവേശത്തിന് കോപ്പു കൂട്ടാൻ നാളെ യു.എസ് ഭരണകൂടം മടിച്ചേക്കില്ല. അഞ്ചര ലക്ഷം പാക് സൈനികരുടെ പോലും ആത്മവീര്യം നഷ്ടപ്പെടുത്തുമാറുള്ള പ്രവർത്തനങ്ങളാണ് അമേരിക്കയും മുശർറഫും നടത്തിവരുന്നത്. പക്ഷേ, സൈനിക സ്വേഛാധിപതികളുടെ കണക്കുകൂട്ടലുകളൊന്നും പുലർന്ന ചരിത്രമല്ല പാകിസ്താനുള്ളത്. പാകിസ്താനിലെ മുൻ ജനറൽമാരുടെ അനുഭവ പാഠങ്ങളെങ്കിലും അമേരിക്കൻ ജ്വരത്തിനിടയിൽ മുശർറഫ് ഓർക്കുന്നത് നന്ന്. ◆